

25-01-2022

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian

Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 25/01/2022

1. കാസറഗോഡ് പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഈ മാസം 27-ന് (ജനുവരി 27-ന്) നടത്താനിരുന്ന ഫാം ഓഫിസർ തസ്തികയിൽ താൽക്കാലിക നിയമനത്തിനായുള്ള ഇന്റർവ്യൂ ചില സാങ്കേതിക കാരണങ്ങളാൽ മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി ഉദ്യോഗാർത്ഥികളെ പിന്നീട് അറിയിക്കുന്നതായിരിക്കുമെന്നും അസോസിയേറ്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0467 2260632** എന്ന ഫോൺ നമ്പരിൽ പ്രവർത്തി സമയത്ത് ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ 500 കോമാടൻ തെങ്ങിൻ തൈകൾ തൈ ഒന്നിന് 130 രൂപ നിരക്കിൽ വിൽപ്പനയ്ക്കു ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487–2370540, 2371340** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ നഗരസഭ കൃഷിഭവനിൽ പേര തൈകൾ വിതരണത്തിനായി എത്തിയിട്ടുണ്ട്. കർഷകർക്ക് കൃഷി ഭവനിൽ നിന്നും സൗജന്യമായി വാങ്ങാവുന്നതാണെന്ന് കൃഷിഓഫീസർ അറിയിച്ചു.

4. കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ മാവ്, പച്ചക്കറി എന്നിവയ്ക്കുള്ള ഫിറമോൺ കെണികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, നാടൻ തെങ്ങ്, കമുക്, അവോക്കാഡോ, ആത്തച്ചക്ക, കൊക്കൊ, മാവ്, പനീർചാമ്പ, ഫാഷൻഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട, മാംഗോസ്റ്റിൻ, പന്നിയൂർ 1 കുരുമുളക്, സർവ്വസുഗന്ധി, ജാതി, ആര്യവേപ്പ്, കറിവേപ്പ്, ഗ്രാമ്പു എന്നിവയുടെ തൈകൾ, ട്രൈക്കോഡെർമ, സമ്പുഷ്ടീകരിച്ച ജൈവവളങ്ങൾ, ജൈവരോഗ കീട നിയന്ത്രണോപാധികൾ, ജീവാണു വളങ്ങൾ, സൂക്ഷ്മമൂലക വളങ്ങൾ തുടങ്ങിയവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തിദിവസങ്ങളിൽ **0495 – 2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 56 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ബി.വി 380, ഗ്രാമശ്രീ എന്നീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് 160 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

6. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 28 വരെ (ജനുവരി 28 വരെ) രാവിലെ 10 മുതൽ 5 വരെ മുള്ളംകൊല്ലി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാകുന്നതാണ്. സേവനം ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

7. പൂക്കോട് വെറ്ററിനറി കോളേജ് കോവിഡ് ക്ലസ്റ്റർ ആയി മാറിയതിനെ തുടർന്ന് രണ്ടാഴ്ചത്തേക്ക് കോളേജ് അടച്ച സാഹചര്യത്തിൽ മൃഗചികിത്സാ കേന്ദ്രത്തിൽ സന്ദർശകർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. അടിയന്തിര സ്വഭാവമുള്ള കേസുകൾ മാത്രം പരിശോധിക്കുന്നതിനായി കാഷ്വാലിറ്റി വിഭാഗം മാത്രമേ പ്രവർത്തിക്കുകയുള്ളൂവെന്നും രോഗികൾക്കൊപ്പം പരമാവധി രണ്ടു പേർ മാത്രമേ ആശുപത്രിയിൽ പ്രവേശിക്കാവൂ എന്നും പൂക്കോട് വെറ്ററിനറി കോളേജ് പ്രൊഫസർ ആന്റ് ഹെഡ് അറിയിച്ചു.

## പരിശീലന പരിപാടികൾ

8. കാർഷിക സർവകലാശാല ഇ - പഠന കേന്ദ്രം **കൂൺ കൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടിയുടെ നാലാമത്തെ ബാച്ച് ഈ മാസം (ജനുവരി 28) 28 ന് തുടങ്ങുന്നു. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഈ കോഴ്സിൽ ചേരുന്നതിന് ജനുവരി 27നകം www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്തവർക്ക് ജനുവരി 28 മുതൽ പ്രവേശനം എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ് വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

9. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 28-ന് (28/01/22) രാവിലെ 10.മുതൽ 1.00 മണി വരെ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ വാട്സ്ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവങ്ങൾക്ക് **9188522711** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 1 മുതൽ 3 വരെ **ക്ഷീര കർഷകരുകട വരുമാന വർദ്ധനവിന് നൂതന സാങ്കേതിക വിദ്യകൾ** എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ ഈ മാസം 28-ന് (ജനുവരി 28) മുമ്പായി **0479-2449268, 2959268, 9447790268** എന്നീ ഫോൺ നമ്പുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട 40 പേർക്കാണ് പരിശീലനം നൽകുന്നത്.

11. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ജനുവരി 25 ന്) രാവിലെ 11 മണി മുതൽ **പാൽ വറ്റിച്ചുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനപരിപാടിയിൽ പങ്കെടുക്കാനായി https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക കൂടുതൽ വിവരങ്ങൾക്ക് **0481- 2302223, 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

12. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 27,28 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയങ്ങളിൽ **ക്ലാസ് റൂം** പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. ഓച്ചിറ ക്ഷിരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (25.01.2022) രാവിലെ 11 മണി മുതൽ ക്ഷീര സംഘം പ്രസിഡന്റുമാർക്കും ഭരണ സമിത അംഗങ്ങൾക്കും ക്ഷീര സംഘം സെക്രട്ടറിമാർക്കുമായി **ക്ഷീര സംഘങ്ങളിലെ ഭരണവും സഹകരണ നിയമങ്ങളും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താത്പര്യമുള്ളവർക്ക് ഇന്ന് (25.01.2022 ന്) രാവിലെ 10.30 വരെ ഫോൺ മുഖേനയോ **8075028868** എന്ന വാട്സാപ്പ് നമ്പരിലേയ്ക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പേരും മേൽ വിലാസവും അയച്ചു നൽകിയോ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഗൂഗിൾ മീറ്റ് ലിങ്ക് xqw-jqat-weh. കൂടുതൽ വിവരങ്ങൾക്ക് **0476 2698550, 9947775978** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം